# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 11 30/11/2015 ൽ മറുപടിക്ക്

**പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി**

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്തെ നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ സർക്കാർ തീരുമാനമുണ്ടോ ; | (എ) നാലര വർഷം പൂർത്തിയാകാത്തതും ആറ് മാസത്തിനകം കാലാവധി അവസാനിക്കുന്നതുമായ പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നാലര വർഷം പൂർത്തിയാകുന്നതുവരെയോ, പുതിയ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതുവരെയോ എന്ന രീതിയിൽ (ഏതാണോ ആദ്യം) ആറ് മാസത്തേക്കുകൂടി ദീർഘിപ്പിക്കുവാൻ സർക്കാർ പി.എസ്.സിയോട് ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 30.09.2015 ന് നിലവിലുള്ളതും 31.03.2016 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതും നാലര വർഷം പൂർത്തിയാക്കാത്തതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ചില വ്യവസ്ഥകൾക്ക് വിധേയമായി 31.03.2016 വരെ (6 മാസത്തേക്ക്) പി.എസ്.സി ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് നിലവിൽ നീട്ടിയിട്ടുള്ളത് ; | (ബി) 1300 റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് നിലവിൽ നീട്ടിയിട്ടുള്ളത്. |
| (സി) കൂടുതൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടണമെന്ന ആവശ്യത്തിനുമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (സി) കൂടുതൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ